# MEENADOM
# ST. JOHN'S CHURCH



**മീ**നടത്തെ പ്രഥമ ദേവാലയമായ സെന്റ് ജോൺസ് യാക്കോബായ സുറിയാനിപള്ളി വി. യൂഹാനോൻ മാംദോനോയുടെ നാമധേയത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

മീനടം പ്രദേശത്ത്, പുതുപ്പള്ളി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളി ഇടവകയിൽപ്പെട്ട ഏതാനും കുടുംബക്കാർ നടത്തിവന്നിരുന്ന പ്രാർത്ഥനായോഗത്തിൽ വച്ച് ആരാധനയിൽ സംബന്ധിക്കുവാൻ കൂടുതൽ സൗകര്യം ലഭിക്കുന്നതിനായി ഒരു ആരാധനാലയം ഈ ഗ്രാമത്തിൽ തന്നെ പണി കഴിപ്പിക്കണമെന്ന് ആഗ്രഹിച്ചതിന്റെ ഫലമായി നിർമ്മിച്ചതാണ് ഈ ദേവാലയം.

വൈദ്യൻപറമ്പിൽ തോമ ചെറിയാൻ സംഭാവനയായി നൽകിയ 27 സെന്റ് സ്ഥലത്താണ് (ഇപ്പോഴത്തെ സെമിത്തേരി) മീനടം കരയിലെ ആദ്യത്തെ കുരിശുപള്ളി 1889 ഏപ്രിൽ 23 – ന് സ്ഥാപിതമായത്. മീനടം സെന്റ് തോമസ് പള്ളി ഇടവകക്കാർ ആരംഭകാലത്ത് ഈ കുരിശുപള്ളിയിൽ നടന്ന ആരാധനകളിൽ പങ്കെടുത്തിരുന്നു. മീനടം വടക്കേക്കര സെന്റ് ജോൺസ് പള്ളി ഇടവകാംഗങ്ങൾ ഈ പള്ളി ഇടവകാംഗങ്ങളായിരുന്നു. ഈ കുരിശുപള്ളിയിൽ പുതുപ്പള്ളി പള്ളിയിലെ വൈദികർക്ക് സൗകര്യം ലഭിക്കുമ്പോൾ ശനിയാഴ്ച ദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിച്ചിരുന്നു.

മീനടത്ത് ദേവലായം പണിയുന്നതിനെപ്പറ്റി ജനങ്ങൾ ആലോചിച്ച് ഇപ്പോൾ സെന്റ് തോമസ് പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പള്ളി വേണമെന്ന് ഏതാനും ഇടവകക്കാർ തീരുമാനിച്ചു. കൃഷിക്കാരായ സുറിയാനി വിശ്വാസികളായ ഇടവകാംഗങ്ങൾ കൃഷിക്ക് ഏറ്റവും ഫലഭൂയിഷ്ഠമായ മീനടത്തിന്റെ പടിഞ്ഞാറുഭാഗത്ത് പള്ളി നിർമ്മിക്കണമെന്ന് ആഗ്രഹിക്കുകയും ഇപ്പോഴത്തെ പള്ളിയുടെ പടിഞ്ഞാറു ഭാഗത്തായി 1890 വൃശ്ചികം 7 ന് വിശുദ്ധ യൂഹാനോൻ മംദോനോയുടെ നാമത്തിൽ പള്ളി സ്ഥാപിക്കുകയും ചെയ്തു.

പിന്നീട് പള്ളിയിലെ സ്ഥലപരിമിതിമൂലം പ്രദേശത്തെ യാക്കോബായ വിശ്വാസികൾ ഒന്നിച്ചു കൂടി പുതിയ പള്ളിയുടെ ശിലാസ്ഥാനം നടത്തി. ആദ്യ പണികൾ തുടങ്ങി ഏകദേശം 40 വർഷങ്ങൾക്കു ശേഷം പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ എഴുന്നള്ളിയപ്പോൾ നിർമ്മാണം ആരംഭിച്ചു. ദേവാലയത്തിന്റെ പണികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് കൽപ്പിച്ചത് സഫലമായി, താൽക്കാലികമായി കൂദാശയും നടത്തി.

ഇടവകയിലെ കുടുംബങ്ങളുടെ അംഗസംഖ്യ വർദ്ധിച്ചതോടെ വിശുദ്ധ കുർബ്ബാനയിൽ ഒരുമിച്ച് പങ്കുകൊള്ളുവാൻ ബുദ്ധിമുട്ട് നേരിട്ടപ്പോൾ പള്ളി പൊളിച്ച് എല്ലാ സൗകര്യങ്ങളുമുള്ള വലിയ ദേവാലയം പണിയുവാൻ 1997 ൽ കൂടിയ ഇടവകയോഗം തീരുമാനിച്ചു. 1998 ജനുവരി 7 ന് പുണ്യശ്ലോകനായ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി (പെരുമ്പള്ളി തിരുമേനി) വാഴ്ത്തി അനുഗ്രഹിച്ച അടിസ്ഥാന ശിലമേൽ 4 വർഷത്തെ കഠിന പ്രയത്നങ്ങൾക്ക് ശേഷം വളരെ മനോഹരമായ ഇപ്പോഴത്തെ ദേവാലയം പണിതുയർത്തി.

2002 ജനുവരി മാസം 4, 5 തീയതികളിൽ പള്ളിയു ടെ വിശുദ്ധ മൂറോൻ കൂദാശ നടത്തി. പരിശുദ്ധ സഭയുടെ കീഴിലുള്ള എല്ലാ ആത്മീയ സംഘടനകളും ഈ ദേവാലയത്തിൽ വികാരി റവ. ഫാ. മാത്യൂസ് വടക്കേടത്തിന്റെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

**പെരുനാളുകൾ**

കാവൽപിതാവായ മാർ യൂഹാനോൻ മാംദോനോയുടെ ശിരഛേദന പെരുനാൾ എല്ലാ വർഷവും ജനുവരി 6, 7 തീയതികളിൽ വിവിധ പരിപാടികളോടെ വലിയ പെരുനാളായി ആചരിക്കുന്നു. വലിയ പെരുനാൾ കൂടാതെ പുണ്യശ്ലോകനായ മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മ, വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മ, വിശുദ്ധ മർത്തശ്മൂനി അമ്മയുടെയും ഏഴു മക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ, പരി. ദൈവമാതാവിന്റെ ജനനപെരുനാൾ, പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ ഓർമ എന്നിവ പെരുനാളുകളായി ഈ പള്ളിയിൽ ആചരിക്കുന്നു.

**കുരിശുപള്ളികൾ**

ഇടവകയ്ക്ക് രണ്ട് കുരിശുപള്ളികളാണുള്ളത്. മീനടം പാമ്പാടി റോഡിൽ കുരിശുപള്ളി ഇപ്പോൾ പുണ്യ ശ്ലോകനായ മീഖായേൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നാമത്തിലാണ്. ശതാബ്ദി സ്മാരകമായി ആശുപത്രി കവലയിൽ സ്ഥാപിച്ച വിശുദ്ധ മർത്തശ്മൂനി അമ്മയുടെയും ഏഴു മക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും നാമത്തിലുള്ള കുരിശുപള്ളി നാനാജാതി മതസ്ഥരുടെ അഭയകേന്ദ്രമാണ്.

കാവൽപിതാവായ മാർ യൂഹാനോൻ മാംദോനോയുടെയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയിൽ അഭയപ്പെട്ട് കാവവൽമാതാവായ വിശുദ്ധ മർത്തശ്മൂനി അമ്മയുടെ നാമത്തിൽ ഇടവകയുടെ ചരിത്രം സമർപ്പിക്കുന്നു. റവ. ഫാ. മാത്യൂസ് വടക്കേടത്ത് വികാരിയായും റവ. ഫാ. ജേക്കബ് ചെറിയാൻ മണ്ണൂർ സഹവികാരിയായും സേവനം അനുഷ്ഠിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

syrianchurch.org